Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #4 of File 36173/E1/2022/KWA Approved by Managing Director on 20-Jan-2023 04:40 PM - Page 1

## മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

**ഹാജർ : ശ്രീ. വെങ്കടേസപതി എസ്. ഐ.എ.എസ്**

വിഷയം:-കേരള വാട്ടർ അതോറിറ്റി - ഭരണ നിർവ്വഹണം - ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്മേലുള്ള പരാതികൾ പരിശോധിക്കാനായി അനോമിലി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം: 36173/E1/2022/കെ ഡബ്ല്യു എ (I)

തീയതി: 20.01.2023

---

*പരാമർശം:*-1. സർക്കാർ ഉത്തരവ് GO (P) No. 23/2022/WRD തീയതി 25.10.2022

2. കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (CITU), അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO), ആൾ കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (AITUC), കേരള വാട്ടർ അതോറിറ്റി പെൻഷനേഴ്സ് ഓർഗനൈസേഷൻ( KWAPO) എന്നീ സംഘടനകൾ സംയുക്തമായി സമർപ്പിച്ച നിവേദനം.

3. 15.12.2022 ൽ ചേർന്ന 430 - മത് അതോറിറ്റി യോഗത്തിലെ 11265 - മത് തീരുമാനം

**ഉത്തരവ്**

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ അപാകതകൾ കടന്ന് കൂടിയിട്ടുണ്ട് എന്നും ഇവ അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നും കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (CITU), അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO), ആൾ കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (AITUC), കേരള വാട്ടർ അതോറിറ്റി പെൻഷനേഴ്സ് ഓർഗനൈസേഷൻ( KWAPO) എന്നീ സംഘടനകൾ സംയുക്തമായി നിവേദനം സമർപ്പിച്ചിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് സംബന്ധിച്ച് അതോറിറ്റിയുടെ മുൻപാകെ വരുന്ന അപേക്ഷകൾ പരിശോധിക്കാനും, അവ സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കാനും താഴെ പറയും വിധം അനോമിലി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ. അജിത് കുമാർ ജി, അക്കൗണ്ട്സ് മാനേജർ - ചെയർമാൻ.
2. ശ്രീ. ബിജു എസ് , അക്കൗണ്ട്സ് ഓഫീസർ (പേ സ്ലിപ് & പെൻഷൻ) - കൺവീനർ.
3. ശ്രീമതി നിഷ ബി വി, അക്കൗണ്ട്സ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ & എസ്റ്റാബ്ലിഷ്മെന്റ്).

4. ശ്രീ. രഞ്ജീവ് എസ്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, പെൻഷൻ വിതരണ സെൽ.
5. ശ്രീ. ബിജു കുമാർ കെ, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, (പേ സ്ലിപ് & പെൻഷൻ).
6. ശ്രീ. സന്തോഷ് കുമാർ കെ, ജൂനിയർ സൂപ്രണ്ട് (അഡ്മിനിസ്ട്രേഷൻ)
7. ശ്രീമതി അനു.എ.ജോസഫ്, ഹെഡ് ക്ലാർക്ക്, ജി സ്പാർക്.
8. ശ്രീ. കൃഷ്ണകുമാർ എസ് എസ്, യു ഡി ക്ലർക്ക്, ഫണ്ട്സ് സെക്ഷൻ.

ശമ്പള പരിഷ്കരണ ഉത്തരവ് സംബന്ധിച്ച പരാതികൾ 28.01.2023 വൈകുന്നേരം 5 മണിക്ക് മുൻപായി അനോമിലി കമ്മിറ്റി ചെയർമാൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് എല്ലാ യൂണിയൻ പ്രതിനിധികളുമായും 04.02.2023 ന് മുൻപായി കമ്മിറ്റി ചർച്ചകൾ നടത്തേണ്ടതും, അഭിപ്രായങ്ങൾ ക്രോഡീകരിച്ച് 10.02.2023 ന് മുൻപായി ചീഫ് എൻജിനീയർ (എച്ച് ആർ ഡി & ജനറൽ)-ന് സമർപ്പിക്കേണ്ടതുമാണ്. മേല്പറഞ്ഞ സമയക്രമം യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുന്നതല്ല.

*Sd/-*

വെങ്കടേസപതി എസ്., ഐ .എ .എസ്.

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും.

പകർപ്പ്

1. PA to MD / PA to TM / CA to CE(HRD&GL) / CA to DCE(GL) / CA to SR AO / AO(Admn&Est) / AO(Funds) / AO(Pay Slip & Pension) / SS(Admn) / JS (Admn) / File / SF.
2. To official Website

Draft #4 of File 36173/E1/2022/KWA Approved by Managing Director on 20-Jan-2023 04:40 PM - Page 2

The document is digitally approved. Hence signature is not needed.